"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി — 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീ.ജയപാൽ വി.ജി, വല്ലൂത്തു വീട്, തലോർ.പി.ഒ, തൃശ്ശൂർ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.293/2024/ID തീയതി,തിരുവനന്തപുരം, 16-04-2024

---

പരാമർശം:-

1. തൃശ്ശൂർ ജില്ലാ ജിയോളജിസ്റ്റിന്റെ 03.06.2023 ലെ 80/23-24/1077/സി2/ടിഡിഒ/18 നമ്പർ നടപടിക്രമം.
2. ശ്രീ.ജയപാൽ വി.ജി, വല്ലൂത്തു വീട്, തലോർ.പി.ഒ, തൃശ്ശൂർ 17.06.2023 തീയതിയിൽ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ
3. WP(C)No.19505/2023 നമ്പർ കേസിൽ ബഹു.കേരള ഹൈക്കോടതി 21.06.2023 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം.
4. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 29.02.2024 തീയതിയിലെ ഡിഎംജി/1997/2023-എം2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ താലൂക്ക്, നെട്ടിശ്ശേരി വില്ലേജ് സർവെ നമ്പർ 374/3 ൽപ്പെട്ടതും ശ്രീമതി സുനുപേൾ, W/o അഡ്വ. പേൾ.കെ. ഡേവിസ്, കുണ്ടൂർ ഹൗസ്, പ്രതീക്ഷ, ഗാന്ധിനഗർ, തൃശ്ശൂർ എന്നവരുടെ ഉടമസ്ഥതയിലുള്ളതുമായ സ്ഥലത്തുനിന്നും സ്ഥലമുടമ നൽകിയ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ കളിമണ്ണ് ഖനനം ചെയ്യുന്നതിന് M/s. KRG ടൈൽ വർക്സ്, തലോർ പി.ഒ എന്ന സ്ഥാപനത്തിന് തൃശ്ശൂർ ജിയോളജി ഓഫീസിൽ നിന്നും 2010ൽ ഖനന പെർമിറ്റുകളും ട്രാൻസിറ്റ് പാസുകളും അനുവദിച്ചിരുന്നു. പെർമിറ്റ് വ്യവസ്ഥകൾ പാലിക്കുമെന്നും ഖനനശേഷമുള്ള കുഴികൾ മേൽമണ്ണ് നിക്ഷേപിച്ച് കൃഷിയോഗ്യമാക്കുമെന്നും ഉള്ള വ്യവസ്ഥകൾ ഉറപ്പ് വരുത്തുന്നതിലേക്ക് ബാങ്ക് ഗ്യാരണ്ടിയും സത്യവാങ്മൂലവും സ്ഥാപനമുടമ സമർപ്പിച്ചിരുന്നു. ഖനനശേഷം പരാമർശിത സ്ഥലത്ത് രൂപപ്പെട്ട കുഴികൾ കോൺക്രീറ്റ് വേസ്റ്റും മറ്റും ഉപയോഗിച്ച് നികത്തിയിരിക്കുന്നുവെന്നും ടി സ്ഥലത്ത് മേൽമണ്ണ് നിക്ഷേപിച്ച് കൃഷിയോഗ്യമാക്കിയിട്ടില്ലെന്നും ആയത് വ്യവസ്ഥകളുടെ ലംഘനമാണെന്നുമുള്ള സ്ഥലമുടമയുടെ പരാതിയുടെ അടിസ്ഥാനത്തിൽ രജിസ്റ്റേർഡ് നോട്ടീസ് സ്ഥാപന ഉടമയ്ക്ക് തൃശ്ശൂർ ജിയോളജി ഓഫീസിൽ നിന്നും നൽകിയിരുന്ന പരാമർശിത വിഷയത്തിൽ ബഹു. കേരള മുഖ്യമന്ത്രി മുമ്പാകെ സ്ഥലമുടമയായ ശ്രീമതി.സുനുപേൾ സമർപ്പിച്ച പരാതി CMO Portal മുഖേന ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കാര്യാലയത്തിലെ അസി. ജിയോളജിസ്റ്റ് നടത്തിയ സ്ഥലപരിശോധനയിൽ കളിമൺ ഖനനശേഷം കുഴികൾ പൂർണ്ണമായും നികത്തിയിട്ടില്ലെന്ന് കാണുകയുണ്ടായി. ബന്ധപ്പെട്ട നെട്ടിശ്ശേരി വില്ലേജാപ്പീസിലെ റിക്കാർഡുകൾ പ്രകാരം ടി സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതുമാണ്. തുടർന്ന് സ്ഥാപനമുടമയോട് വിശദീകരണം

ആവശ്യപ്പെട്ടുകൊണ്ട് രജിസ്റ്റേർഡ് നോട്ടീസ് അയയ്ക്കുകയും പ്രസ്തുത നോട്ടീസിനുള്ള വിശദീകരണം ജില്ലാ കാര്യാലയത്തിൽ നേരിൽ ഹാജരായി ബോധിപ്പിക്കുകയും ഉണ്ടായിട്ടുള്ളതാണ്. ബന്ധപ്പെട്ട കൃഷി ആഫീസർ, വില്ലേജ് ആഫീസർ, ജിയോളജിസ്റ്റ് എന്നിവർ അടങ്ങുന്ന മോണിറ്ററിങ്ങ് കമ്മിറ്റി സംയുക്ത പരിശോധന നടത്തുകയും കളിമണ്ണ് ഖനനത്തെ തുടർന്ന് രൂപമെടുക്കുന്ന കുഴികൾ നല്ല മണ്ണിട്ട് കൃഷിയോഗ്യമാക്കുമെന്ന വ്യവസ്ഥയിൽ കളിമണ്ണ് ഖനനം അനുവദിക്കാമെന്നും ശുപാർശ ചെയ്തതിന്റെയും, ഖനന ശേഷം ഉണ്ടാകുന്ന കുഴി മണ്ണിട്ട് നികത്തി കൃഷിയോഗ്യമാക്കുന്നതാണെന്ന സത്യവാങ്മൂലപ്രകാരമാണ് ബാങ്ക് ഗ്യാരണ്ടി ലഭ്യമാക്കിയതിനുശേഷം പെർമിറ്റുകൾ അനുവദിച്ചിരുന്നത്. ഖനനശേഷം പ്രസ്തുത സ്ഥലം മണ്ണിട്ട് നികത്തി കൃഷിയോഗ്യമാക്കുമെന്ന വ്യവസ്ഥ പാലിച്ചതായുള്ള മോണിറ്ററിങ് കമ്മറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ ബാങ്ക് ഗ്യാരണ്ടി വിട്ടുതൽ ചെയ്യാവൂ എന്നും വ്യവസ്ഥയുള്ളതാണ്. ഖനനാനുമതികളുടെ കാലാവധി 15.05.2010 ൽ അവസാനിച്ചിട്ടും മേൽ പരാമർശിത സ്ഥലം മേൽ മണ്ണിട്ട് നികത്തി കൃഷിയോഗ്യമാക്കിയതായുള്ള സംയുക്ത മോണിറ്ററിങ് കമ്മറ്റിയുടെ റിപ്പോർട്ട് നാളിതുവരെ ജില്ലാ ജിയോളജി ഓഫീസിൽ ലഭ്യമാക്കാത്ത സാഹചര്യത്തിൽ ജില്ലാ ഓഫീസിൽ ഹാജരാക്കിയിരുന്ന കാത്തലിക് സിറിയൻ ബാങ്കിന്റെ ഒല്ലൂർ ശാഖയിൽ നിന്നും 12.01.2010 ൽ അനുവദിച്ച 1,36,200 രൂപയുടെ ഫിനാൻഷ്യൽ ഗ്യാരണ്ടി തുകയും പലിശയും 0853-102-99-01 ശീർഷകം വഴി സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതിനായി 03.06.2023 ന് തൃശ്ശൂർ ജിയോളജിസ്റ്റ് പുറപ്പെടുവിച്ച പരാമർശം (1) നടപടിക്രമത്തിനെതിരെ പെർമിറ്റ് ഉടമയായ ശ്രീ.ജയപാൽ.വി.ജി, പരാമർശം (2) പ്രകാരം ഒരു അപ്പീൽ ഹർജി സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ഈ വിഷയത്തിൽ ഹർജിക്കാരൻ ബഹു.കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 19505/2023 നമ്പർ കേസിൽ ബഹു.കോടതി 21.06.2023 ന് പുറപ്പെടുവിച്ച പരാമർശം (3) വിധിന്യായത്തിൽ ടിയാൻ സർക്കാരിന് മുമ്പാകെ ഫയൽ ചെയ്ത അപ്പീൽ ഹർജി പരിഗണിക്കുന്നതിനും, വിധിന്യായം ലഭ്യമായി രണ്ട് മാസത്തിനുള്ളിൽ ആയത് തീർപ്പാക്കുന്നതിനും, 6-ാം എതിർകക്ഷിയായ വ്യവസായ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിക്കു നിർദ്ദേശമുണ്ട്.

3. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് അപ്പീൽ അധികാരിയായ വ്യവസായ വകുപ്പ് ജോയിന്റ് സെക്രട്ടറി 15/03/2024 ന് നടത്തിയ ഹിയറിംഗിൽ അപ്പീൽ കക്ഷിയും, തൃശ്ശൂർ ജിയോളജിസ്റ്റും, മൈനിംഗ് & ജിയോളജി ഡയറക്ടറേറ്റിലെ ജിയോളജിസ്റ്റും പങ്കെടുക്കുകയുണ്ടായി.

4. അപ്പീൽ ഹർജി സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു:

തൃശ്ശൂർ താലൂക്ക് നെട്ടിശ്ശേരി വില്ലേജ് സർവ്വെ നം.374/3 ൽ പ്പെട്ടതും 25/3/2010 ലെ നെട്ടിശ്ശേരി വില്ലേജാഫീസറുടെ 2706/10 നം. കൈവശാവകാശ സർട്ടിഫിക്കറ്റ് പ്രകാരം തെക്കേക്കര ആലീസ് ജോർജ് മകളും കുത്തൂർ പോൾ കെ. ഡേവിസ് ഭാര്യ സുനുപേളിന്റെ ഉടമസ്ഥതയിലുള്ളതുമായി സ്ഥലത്തു നിന്നും ടിയാരി നൽകിയിരുന്ന സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ സാധാരണ കളിമണ്ണ് ഖനനം ചെയ്യുന്നതിന് ശ്രീ. വി. എസ്. ഗംഗാധരൻ, M/s. KRG ടൈൽ വർക്ക്സ്, തലോർ പി.ഒ എന്ന സ്ഥാപനത്തിന് തൃശൂർ ജില്ലാ മൈനിംഗ് & ജിയോളജി ഓഫീസിൽ നിന്നും 30/04/2010, 06/05/2010 തീയതികളിൽ അനുവദിച്ച ക്വാറിയിംഗ് പെർമിറ്റുകൾ പ്രകാരം ആകെ 2400 മെ. ടൺ കളിമണ്ണ് ഖനനം ചെയ്യുന്നതിനുള്ള അനുമതിയും

ട്രാൻസിറ്റ് പാസുകളും അനുവദിച്ചിരുന്നു. മേൽപറഞ്ഞ സ്ഥലത്ത് ഖനനശേഷം രൂപപ്പെട്ട കുഴികൾ കോൺക്രീറ്റ് വേസ്റ്റും മറ്റും ഉപയോഗിച്ച് നികത്തിയിരിക്കുന്നുവെന്നും ടി സ്ഥലത്ത് ചുവന്ന മണ്ണ് നിക്ഷേപിച്ച് കൃഷി യോഗ്യമാക്കിയിട്ടില്ലെന്നും ആയത് വ്യവസ്ഥകളുടെ ലംഘനമാണെന്നും ആരോപിച്ച് സ്ഥലമുടമായ ശ്രീമതി.സുനുപേൾ പരാതി സമർപ്പിച്ചിരുന്നു. പരാതിയുടെ അടിസ്ഥാനത്തിൽ പെർമിറ്റ് സിദ്ധിച്ചിരുന്ന ഓട്ടുകമ്പനിയുടെ ഉടമയായിരുന്ന ശ്രീ. ജയ്പാൽ.വി.ജി S/o വി. എസ് ഗംഗാധരൻ (late) വല്ലത്ത് പറമ്പിൽ ഹൗസ്, M/s. KRG ടൈൽ വർക്ക്സ്, തലോർ പി ഒ എന്നവർക്ക് 3/7/2018 ന് തൃശ്ശൂർ ജില്ലാ ഓഫീസിൽ നിന്നും രജിസ്റ്റേർഡ് നോട്ടീസ് അയച്ചിരുന്നു. ഖനനശേഷം രൂപപ്പെട്ട കുഴികളിൽ കോൺക്രീറ്റ് വേസ്റ്റും മറ്റും നിക്ഷേപിച്ച പെർമിറ്റുടമയുടെ പ്രവൃത്തി പെർമിറ്റിന്റെയും സർക്കാർ ഉത്തരവിന്റെയും ലംഘനമാണെന്നും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരിക്കുന്നതിന് വിശദീകരണം ബോധിപ്പിക്കണമെന്നും ആവശ്യപ്പെട്ടാണ് രജിസ്റ്റേർഡ് നോട്ടീസ് അയച്ചിരുന്നത്. എന്നാൽ ഖനനശേഷം മേൽ പരാമർശിച്ച സ്ഥലം റീഫിൽ ചെയ്ത് കൃഷിക്ക് ഉപയുക്തമാക്കി നൽകിയിട്ടുള്ളതാണെന്നുള്ള മറുപടിയാണ് ഓട്ടുകമ്പനി ഉടമ സമർപ്പിച്ചത്. മേൽ പരാമർശിച്ച സ്ഥലം അസിസ്റ്റന്റ് ജിയോളജിസ്റ്റ് 8/5/2019 തീയതിയിൽ പരിശോധിക്കുകയുണ്ടായി. കളിമണ്ണ് ഖനനം ചെയ്ത് നീക്കിയതിനു ശേഷം സ്ഥലം കൃഷിക്ക് ഉപയുകതമായ തരത്തിൽ നല്ല മണ്ണിട്ട് നികത്തിയിട്ടില്ലെന്ന് സ്ഥലം ഉടമസ്ഥർ പരിശോധനാ സമയത്ത് അറിയിക്കുകയുണ്ടായി. പരിശോധനയിൽ ടി സ്ഥലത്ത് ചെടികളും പുല്ലും വളർന്ന് നിൽക്കുന്നതായും ഭാഗികമായി വെള്ളം കെട്ടികിടക്കുന്നതായും കാണുകയുണ്ടായി. ടി സ്ഥലം കൃഷി ഉപയുക്തമായ വിധത്തിൽ മണ്ണിട്ട് നികത്തിയിട്ടുണ്ടോ എന്നറിയുന്നതിന് കൃഷി ഒഫീസറുടെ റിപ്പോർട്ട് കരസ്ഥമാക്കേണ്ട ആവശ്യകത ഉണ്ടെന്ന് പരിശോധനാ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരുന്നു.

തുടർന്ന് ഇക്കാര്യത്തിലുള്ള നിജസ്ഥിതി ആരാഞ്ഞ് 13/09/2021 തീയതിയിൽ ഒല്ലൂക്കര കൃഷി ഓഫീസർക്ക് കത്തയക്കുകയുണ്ടായി. മറുപടി ലഭിക്കാതിരുന്ന സാഹചര്യത്തിൽ 30/12/2022 തീയതിയിൽ മറ്റൊരു കത്തും അയച്ചിരുന്നു. കൂടാതെ സ്ഥലമുടമ ഇക്കാര്യത്തിൽ ബഹു. മുഖ്യമന്ത്രി മുൻപാകെ സമർപ്പിച്ച പരാതിയുടെ വെളിച്ചത്തിൽ അടിയന്തിരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് വീണ്ടും ഒല്ലൂക്കര കൃഷി ഓഫീസർക്ക് തൃശ്ശൂർ ജില്ലാ ഓഫീസിൽ നിന്നും കത്ത് അയക്കുകയുണ്ടായി.

സ്ഥലമുടമയുടെ പരാതിയുടെ അടിസ്ഥാനത്തിൽ 11/04/2023 തീയതിയിൽ അസിസ്റ്റന്റ് ജിയോളജിസ്റ്റ് വീണ്ടും സ്ഥലപരിശോധന നടത്തുകയുണ്ടായി. കളിമൺ ഖനനശേഷം ടി സ്ഥലം പൂർണ്ണമായും നികത്തിയിട്ടില്ലെന്ന് പരിശോധനയിൽ കാണുവാൻ കഴിഞ്ഞു. ഖനനശേഷം രൂപപ്പെട്ട കുഴികൾ മണ്ണിട്ടു നികത്തി ഫലഭൂയിഷ്ഠമായ മേൽമണ്ണ് നിക്ഷേപിച്ച് വീണ്ടും ഭൂമി കൃഷി യോഗ്യമാക്കുന്നതാണെന്നുള്ള സത്യവാങ്മൂലം പെർമിറ്റുടമ സമർപ്പിച്ചിരുന്നതും ഇക്കാര്യം ഉറപ്പുവരുത്തുന്നതിലേയ്ക്കായി ബാങ്ക് ഗ്യാരണ്ടി ഹാജരാക്കിയിരുന്ന തുമാണ്. മേൽപ്പറഞ്ഞ സ്ഥലം നിലം ആയതിനാൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമമനുസരിച്ച് നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിക്കേണ്ടതുള്ളതായും മനസ്സിലാവു കയുണ്ടായി. പെർമിറ്റുടമയായിരുന്ന അപ്പീൽ ഹർജിക്കാരൻ വ്യവസ്ഥകൾ പാലിച്ചിട്ടില്ലാത്തതായി ബോധ്യപ്പെട്ട സാഹചര്യത്തിൽ ബാങ്ക് ഗ്യാരണ്ടി തുക സർക്കാരിലേയ്ക്ക് മുതൽ കൂട്ടുകയാണെന്നും ഇക്കാര്യത്തിൽ എന്തെങ്കിലും വിശദീകരണം ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് രേഖാമൂലം സമർപ്പിക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് സ്ഥലമുടമയ്ക്ക് 25/4/2023 തീയതിയിൽ നോട്ടീസ് നൽകുകയും നോട്ടീസിനുള്ള വിശദീകരണം 9/5/2023 തീയതിയിൽ അപ്പീൽ ഹർജിക്കാരനായ ശ്രീ. ജയ്പാൽ എന്നവർ ബോധിപ്പിക്കുകയും ഉണ്ടായി. കളിമണ്ണ് ഖനനം ചെയ്ത സ്ഥലം നെൽകൃഷി

ചെയ്യാൻ അനുവദിക്കണമെന്ന് പരാതിക്കാരോട് ഉത്തരവിടണമെന്നും ബാങ്ക് ഗ്യാരണ്ടി പിൻവലിക്കാൻ അനുമതി നൽകണമെന്നുമാണ് വിശദീകരണ ത്തിലൂടെ ബോധിപ്പിച്ചിരുന്നത്. ബന്ധപ്പെട്ട കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ, ജിയോളജിസ്റ്റ് എന്നിവർ അടങ്ങുന്ന മോണിറ്ററിംഗ് കമ്മിറ്റി സംയുക്ത പരിശോധന നടത്തുകയും കളിമണ്ണ് ഖനനത്തെ തുടർന്ന് രൂപപ്പെടുന്ന കുഴികൾ നല്ല മണ്ണിട്ട് നികത്തി കൃഷിയോഗ്യമാക്കുമെന്ന വ്യവസ്ഥയിൽ കളിമണ്ണ് ഖനനം അനുവദിക്കാമെന്നും ശുപാർശ ചെയ്തതിന്റെയും ഖനനശേഷം ഉണ്ടാകുന്ന കുഴി മണ്ണിട്ട് നികത്തി കൃഷിയോഗ്യമാക്കുന്നതാണെന്ന സത്യവാങ്മൂലപ്രകാരമവുമാണ് ബാങ്ക് ഗ്യാരണ്ടി ലഭ്യമാക്കിയതിനു ശേഷം പെർമിറ്റുകൾ അനുവദിച്ചിരുന്നത്. ഖനനശേഷം പ്രസ്തുത സ്ഥലം മണ്ണിട്ട് നികത്തി കൃഷിയോഗ്യമാക്കിയെന്ന വ്യവസ്ഥ പാലിച്ചതായുള്ള മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ ബാങ്ക് ഗ്യാരണ്ടി വിടുതൽ ചെയ്യാവൂ എന്നും വ്യവസ്ഥയുള്ളതാണ്. ഖനനാനുമതികളുടെ കാലാവധി 15.05.2010 ൽ അവസാനിച്ചിട്ടും മേൽ പരാമർശിച്ച സ്ഥലം മേൽ മണ്ണിട്ട് നികത്തി കൃഷിയോഗ്യമാക്കിയതായുള്ള സംയുക്ത മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ട് പെർമിറ്റുടമ നാളിതുവരെ ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ പെർമിറ്റുടമ ഹാജരാക്കിയിരുന്ന കാത്തലിക് സിറിയൻ ബാങ്കിന്റെ ഒല്ലൂർ ശാഖയിൽ നിന്നും 12/4/2010 ൽ അനുവദിച്ച 1,36,200/- രൂപയുടെ ഫിനാൻഷ്യൽ ഗ്യാരണ്ടി തുകയും പലിശയും 0853-102-99-01 ശീർഷകം വഴി സർക്കാരിലേയ്ക്ക് മുതൽകൂട്ടുന്നതിന് 3/6/2023 തീയതിയിൽ 80/23-24/1077/C2/TDO/18 നമ്പറായി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത ഉത്തരവിനും ജില്ലാ ഓഫീസിൽ നിന്നും നൽകിയിരുന്ന നോട്ടീസിനും എതിരായി അപ്പീൽ ഹർജിക്കാരൻ ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്തിരുന്ന WP(C) 19505/2023 നമ്പർ ഹർജിയിൽ 21/06/2023 ന് വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി. അപ്പീൽ പെറ്റീഷൻ ഫയൽ ചെയ്ത് ആയതിൻമേൽ ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ എല്ലാ നടപടിക്രമങ്ങളും മാറ്റി വയ്ക്കേണ്ടതാണെന്ന് പ്രസ്തുത വിധിന്യായപ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്.

മേൽ പരാമർശിച്ച ഖനന പെർമിറ്റിനായി സമർപ്പിച്ചതും ചട്ടത്തിൽ നിഷ്കർഷിച്ചിരുന്നതുമായ രേഖകളോടൊപ്പം അപ്പീൽ പെറ്റീഷണറുടെ സ്ഥാപനം ഹാജരാക്കിയ അഫിഡവിറ്റിലെ 8 വ്യവസ്ഥകളും നിയമങ്ങളും ഉത്തരവുകളും പാലിക്കുന്നതിന് സന്നദ്ധമാണെന്ന് ബോധിപ്പിച്ചിരുന്നു. ടി അഫിഡവിറ്റിലെ വ്യവസ്ഥകൾ താഴെ പറയുന്നവയാണ്.

1. ഖനനശേഷമുണ്ടാകുന്ന കുഴി മണ്ണിട്ട് നികത്തി കൃഷിയോഗ്യമാക്കു ന്നതാണ്.
2. ജിയോളജിസ്റ്റോ, റവന്യൂ വകുപ്പോ, മറ്റ് അധികാര സ്ഥാപനങ്ങളോ ആവശ്യപ്പെട്ടിട്ടും ഖനന ശേഷമുണ്ടാകുന്ന കുഴികൾ നികത്താത്ത പക്ഷം ആയത് നികത്തുന്നതിനാവശ്യമായ തുക എത്രയെന്ന് ജിയോളജിസ്റ്റോ മറ്റ് അധികാര സ്ഥാപനങ്ങളോ തിട്ടപ്പെടുത്തുന്ന മുറയ്ക്ക് ആയത് കൊടുക്കുവാൻ താൻ തയ്യാറാണ്. പ്രസ്തുത തുക റവന്യൂ റിക്കവറി നടപടികൾ തുടങ്ങിയ നിയമനടപടികൾ സ്വീകരിച്ച് തന്നിൽ നിന്നോ/തന്റെ അനന്തരാവകാശികളിൽ നിന്നോ ഈടാക്കുന്നതിന് തനിക്ക് പൂർണ്ണ സമ്മതമാണ്. ജിയോളജിസ്റ്റിന്റെയോ, മറ്റ് അധികാര സ്ഥാപനങ്ങളുടെയോ ഇത്തരത്തിലുള്ള നടപടികൾക്കെതിരെ താൻ തടസ്സവാദങ്ങൾ ഉന്നയിക്കുകയോ തടസ്സ നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നതല്ല.

മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ട് നാളിതുവരെ ഹാജരാക്കിയി ട്ടില്ലാത്തതും തൃശ്ശൂർ ജില്ലാ ഓഫീസിൽ നിന്നുള്ള പരിശോധനയിൽ നിലവിൽ സ്ഥലം കൃഷിയോഗ്യമാക്കിയിട്ടില്ലാത്തതുമായ സാഹചര്യത്തിൽ ടിയാന് ബാങ്ക് ഗ്യാരണ്ടി തുക മടക്കി നൽകാൻ സാധിക്കാത്ത

സാഹചര്യമാണുള്ളത്.

5. ഖനനശേഷമുണ്ടാകുന്ന കുഴി മണ്ണിട്ട് കൃഷിയോഗ്യമാക്കാമെന്ന് പെർമിറ്റ് ഹോൾഡറായ താൻ അഫിഡവിറ്റ് നൽകിയതു പാലിച്ച് പ്രസ്തുത കുഴി മണ്ണിട്ട് കൃഷിയോഗ്യമാക്കിയിട്ടുണ്ടെന്നും എന്നാൽ വസ്തു ഉടമസ്ഥർ കൃഷി നടത്താത്തത് തങ്ങളുടെ ഭാഗത്തു നിന്നുള്ള വീഴ്ചകൊണ്ടല്ലെന്നും അതിനാൽ ബാങ്ക് ഗ്യാരണ്ടി തിരികെ നൽകണമെന്നും ഹിയറിംഗ് വേളയിൽ അപ്പീൽ കക്ഷി വാദിച്ചു.

6. അപ്പീൽ അധികാരി ഈ വിഷയം അപ്പീൽ കക്ഷിയുടെ വാദത്തിന്റെയും ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ബന്ധപ്പെട്ട കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ, ജിയോളജിസ്റ്റ് എന്നിവർ അടങ്ങുന്ന മോണിറ്ററിംഗ് കമ്മിറ്റി സംയുക്ത പരിശോധന നടത്തുകയും കളിമണ്ണ് ഖനനത്തെ തുടർന്ന് രൂപപ്പെടുന്ന കുഴികൾ നല്ല മണ്ണിട്ട് നികത്തി കൃഷിയോഗ്യമാക്കുമെന്ന വ്യവസ്ഥയിൽ കളിമണ്ണ് ഖനനം അനുവദിക്കാമെന്നും ശുപാർശ ചെയ്തതിന്റെ കൂടി അടിസ്ഥാനത്തിലാണ് കളിമണ്ണ് ഖനനത്തിന് അനുമതി നൽകിയത്. അതിനാൽ പ്രസ്തുത അംഗങ്ങൾ ഉൾപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി വസ്തു ഉടമയുടെയും പെർമിറ്റ് ഹോൾഡറായ അപ്പീൽകക്ഷിയുടെയും സാന്നിദ്ധ്യത്തിൽ പ്രസ്തുത സ്ഥലം അടിയന്തിരമായി പരിശോധിക്കുന്നതിനും, പ്രസ്തുത പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ നടപടികൾ സ്വീകരിക്കുന്നതിനും തൃശ്ശൂർ ജില്ലാ ജിയോളജിസ്റ്റിന് നിർദ്ദേശം നൽകിക്കൊണ്ടും ശ്രീ.ജയപാൽ.വി.ജി പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കിക്കൊണ്ടും അപ്രകാരം ബഹു.ഹൈക്കോടതിയുടെ പരാമർശം (3) പ്രകാരമുള്ള വിധിന്യായം നടപ്പാക്കിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
ജോയിന്റ് സെക്രട്ടറി
& അപ്പീൽ അധികാരി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് മുഖേന)

ശ്രീ.ജയപാൽ വി.ജി, വല്ലത്തു വീട്, തലോർ.പി.ഒ, തൃശ്ശൂർ.

വില്ലേജ് ഓഫീസർ, നെട്ടിശ്ശേരി

കൃഷി ഓഫീസർ, കൃഷി ഭവൻ, ഒല്ലൂക്കര

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, തൃശ്ശൂർ

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
Date: 16-04-2024 10:34:19

സെക്ഷൻ ഓഫീസർ